# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം: 670** **19.03.2013-ൽ മറുപടിക്ക്**

## പുതിയ വ്യാവസായിക നയം

**ചോദ്യം** **ഉത്തരം**

**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ. .കെ. മുരളീധരൻ**
**ശ്രീ. വി.ഡി.സതീശൻ**
**ശ്രീ. പി.സി.വിഷ്ണുനാഥ്**

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) സംസ്ഥാനത്ത് ഒരു പുതിയ വ്യാവസായികനയം ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. വ്യവസായ നയത്തിന്റെ കരട് തയ്യാറായിട്ടുണ്ട്. |
| (ബി) നയത്തിന്റെ കാഴ്ചപ്പാടുകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | എല്ലാ മേഖലകളിലും ആഗോളനിലവാരം കൈവരിക്കുന്നതിനായി സുസ്ഥിരവും വേഗത്തിലുള്ളതും നിലനിൽക്കുന്നതുമായ സാമ്പത്തിക വളർച്ചയിലൂടെ കേരളത്തെ ആകർഷകവും പരിവർത്തനാത്മകവുമായ സംരംഭക സമൂഹമാക്കി മാറ്റുക എന്നതാണ് വ്യവസായ നയത്തിന്റെ പ്രധാന കാഴ്ചപ്പാട്. |
| (സി) വ്യാവസായിക നിക്ഷേപ പ്രോത്സാഹനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>&<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി<br>&<br>(ഡി) | വ്യാവസായിക നിക്ഷേപ പ്രോത്സാഹനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ചുവടെ ചേർക്കുന്ന കാര്യങ്ങളാണ് വ്യവസായ വാണിജ്യ നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്:<br>പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കേരളത്തെ മികച്ച വ്യവസായിക നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക.<br>കൃഷി സംസ്ക്കരണം, സേവനം, വാണിജ്യം കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭകസംസ്ഥാനമാക്കി മാറ്റുക.<br>തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗ ത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.<br>തൊഴിലാളികളിൽ നിന്ന് സംരംഭകരിലേക്കുള്ള മാറ്റം ലക്ഷ്യമിടുന്ന നയരൂപീകരണം നടത്തുക. |

| | | |
|---|---|---|
| | | പ്രാദേശീക വിഭവങ്ങളിലൂടെ മൂല്യ വർധനത്തിനായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക.<br><br>ആഭ്യന്തര - വിദേശ നിക്ഷേപകരെ സേവന മേഖലയിലും വളർച്ച നേടിക്കൊണ്ടിരിക്കുന്ന വ്യവസായ രംഗങ്ങളായ ബയോടെക്നോളജി, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിലും ആകർഷിച്ചുകൊണ്ട് മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരു നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ ഉയർത്തിക്കാട്ടുകയും അതുവഴി സംസ്ഥാനത്തിനകത്തുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.<br><br>പൊതു - സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുക.<br><br>സംസ്ഥാനത്തിൽ വ്യവസായ ക്ലസ്റ്ററുകൾ ത്വരിതപ്പെടുത്തുക.<br><br>പൂർണ്ണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാനത്തിനകത്തു തന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br><br>പൊതുമേഖല സ്ഥാപനങ്ങളിൽ ആഗോള തലത്തിൽ അംഗീകൃത നിലവാരമുള്ള സാങ്കേതിക വിദ്യയും ഗുണമേന്മയും ആവിഷ്ക്കരിക്കുക.<br><br>സംരംഭക വികസനത്തിന് ഉത്തരവാദിത്വമുള്ള വ്യാപാര ശീലങ്ങൾ, പ്രത്യേകിച്ച് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. |

സെക്ഷൻ ഓഫീസർ